II- ഇ.ബി. XII കേരള നിയമസഭ/ VIII-13

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2008 ജൂലായ് 11, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

42 (*391) അവശകലാകാരപെൻഷനുള്ള മാനദണ്ഡം

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) നൽകിയ മറുപടിയിൽ, 8-11-1999-ലെ ഉത്തരവ് പ്രകാരം 50 വയസ്സിനു മുകളിൽ പ്രായവും പ്രതിമാസം 750/- രൂപയിൽ കവിയാത്ത വരുമാനവുമുള്ള സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പെൻഷന് അപേക്ഷിക്കാമെന്നും കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരമുള്ള പെൻഷൻ ലഭിക്കുന്നവർക്ക് സംസ്ഥാന കലാകാര പെൻഷന് അർഹതയില്ലെന്നും സഭയെ അറിയിച്ചു. നിലവിൽ പെൻഷൻ ലഭിക്കുന്നതിനുള്ള 356 അപേക്ഷകൾ കുടിശ്ശികയുണ്ട്. 1978 പേർക്ക് ഇപ്പോൾ പെൻഷൻ നൽകുന്നുണ്ട്. 31-07-2007-ലാണ് 500/- രൂപയിൽ നിന്ന് 550/- രൂപയായി പെൻഷൻ വർദ്ധിപ്പിച്ചത്. വീണ്ടും വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുന്നില്ല. 07-09-2001-ലെ ഉത്തരവ് പ്രകാരം 50 വയസ്സിനു

മുകളിൽ പ്രായവും പ്രതിമാസം 1500/- രൂപയിൽ താഴെ വരുമാനവുമുള്ളവർക്ക് രോഗത്തിന്റെ ഗുരുതരാവസ്ഥ, ചികിൽസാ ചെലവ് എന്നിവ കണക്കിലെടുത്ത് 2000 രൂപ മുതൽ 10000/- രൂപ വരെ ചികിൽസാ ധനസഹായം അനുവദിക്കുന്നുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം 2,000 പേർക്ക് പെൻഷൻ കൊടുക്കാനുള്ള ക്രമീകരണ മാണ് സ്വീകരിച്ചിട്ടുള്ളത്.. ഗവണ്മെന്റിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചു കൊണ്ട് പെൻഷന് അർഹതപ്പെട്ട കലാകാരന്മാരുടേയും സാഹിത്യകാരന്മാ രുടെയും എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ചില വ്യവ സ്ഥകളുടെ അടിസ്ഥാനത്തിലാണ് അവശകലാകാരന്മാർക്ക് പെൻഷൻ നൽകുന്നത്. പെൻഷൻ തുകയോ മറ്റ് ധനസഹായങ്ങളോ വർദ്ധിപ്പിക്കണ മെങ്കിൽ ബഡ്ജറ്റ് വിഹിതം കൂട്ടുന്ന കാര്യം ഭരണ-പ്രതിപക്ഷവ്യത്യാസമി ല്ലാതെ കൂട്ടായി ആലോചിച്ച് തീരുമാനിക്കാവുന്നതാണ്. അവശകലാകാര ന്മാർക്ക് കിട്ടുന്ന പെൻഷൻ കാലതാമസം കൂടാതെ അവർക്ക് നേരിട്ട് ലഭ്യമാ ക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. വ്യത്യസ്ത അക്കാഡമികളിൽ നിന്നു വരുന്ന അപേക്ഷകൾ പരിശോധിച്ച് അവർ നൽകുന്ന നിർദ്ദേശം അനുസരി ച്ചാണ് പെൻഷൻ കൊടുക്കുന്ന കാര്യം തീരുമാനിക്കുന്നത്. കേരളത്തിന്റെ തനത് കലാരൂപങ്ങൾക്ക് പ്രചരണം നൽകുന്നതിനായി ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് ചില പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിവരികയാണ്. അവശക ലാകാരൻമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം തൊഴിൽവകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങൾ അവതരിപ്പിക്കുന്ന കലാകാരന്മാർക്ക് പരിശീലനം കൊടുക്കു ന്നതിനായി വിവിധ അക്കാഡമികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ

കലാരൂപങ്ങളേയും ഏകീകരിച്ചുകൊണ്ട് പെൻഷൻ കൊടുക്കുന്ന കാര്യം ആലോചിക്കുന്നതാണ്. അന്യം നിന്നുപോകുന്ന കേരളീയ കലകളുടെ പ്രദർശനത്തിനായി ടൂറിസം സാംസ്കാരിക വകുപ്പുകൾ സംയുക്തമായി കഴിഞ്ഞ വർഷം സംഘടിപ്പിച്ച ഉൽസവ് 2007 എന്ന പരിപാടി തുടർന്നും നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നാടൻ കലാകാരന്മാരുടെ മക്കൾക്ക് നൽകിവരുന്ന പഠനസഹായത്തിനായി കൂടുതൽ കുട്ടികളെ തെരഞ്ഞെടുക്കുന്ന കാര്യവും അവർക്ക് കൊടുക്കുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. കായികരംഗത്തുള്ളതു പോലെ കലാരംഗത്ത് പ്രവർത്തിക്കുന്നവർക്കും തൊഴിലവസരങ്ങളും വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകുന്ന കാര്യം ഗവണ്മെന്റ് പരിശോധിക്കു ന്നതാണ്. അവശകലാകാര പെൻഷൻ എന്ന പേര് മാറ്റി അർഹ കലാകാര പെൻഷനെന്നോ കലാകാരപെൻഷനെന്നോ മാറ്റുന്ന കാര്യം ഗവണ്മെന്റിന്റെ സജീവ പരിഗണനയിലാണ്. ഷഡ്കാലഗോവിന്ദമാരാർക്ക് സ്മാരകം പണിയുന്നതിന് നൽകിവരുന്ന സഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധി ക്കുന്നതാണ്. വിവിധ അക്കാഡമികൾ കൊടുത്തുകൊണ്ടിരിക്കുന്ന സാമ്പത്തി കസഹായം കാലതാമസം കൂടാതെ നൽകുന്നതിനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്. ആർട്ടിസ്റ്റ് വല്യത്താന്റെ പേരിലുള്ള ആർട്ട് ഗ്യാലറി സംര ക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അവശതയനുഭവിക്കുന്ന പഴ യകാല പടയണി കലാകാരന്മാരെ സംരക്ഷിക്കുന്ന കാര്യം പരിഗണിക്കുന്നതാ ണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കരകൗശല മേഖ ലയിലേയും നാടക മേഖലയിലേയും അവശകലാകാരന്മാരെയാണ് കൂടു തൽ പരിഗണിച്ചത്. സർക്കസ്കലാകാരന്മാരുടെ കാര്യവും പരിഗണിക്കുന്ന താണ്. അവശകലാകാരന്മാർക്ക് യാത്രാസൗജന്യങ്ങൾ അനുവദിക്കുന്നതു

സംബന്ധിച്ച് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രിയുടേയും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. കണ്ണൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ഫോക് ലോർ അക്കാഡമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം 500 പേർക്ക് പുതിയതായി പെൻഷൻ നൽകിയിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

43(* 392) <u>ദക്ഷിണേന്ത്യൻ വനം മന്ത്രിമാരുടെ പ്രഥമസമ്മേളനം.</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, തിരുവനന്തപുരത്ത് ചേർന്ന ദക്ഷിണേന്ത്യൻ വനം വകുപ്പുമന്ത്രിമാരുടെ പ്രഥമ സമ്മേളനത്തിൽ വനങ്ങളിലെ ജൈവസമ്പത്തിന്റെയും വിശിഷ്യാ വിലപിടിപ്പുള്ള വൃക്ഷങ്ങളുടേയും വന്യജീവികളുടേയും നാശം തടയുന്നതിനും കഞ്ചാവു കൃഷി നശിപ്പിക്കുന്നതിനും വനസംരക്ഷണ-വികസന പ്രവർത്തനങ്ങളിൽ യോജിച്ച് പ്രവർത്തിക്കാനും സാങ്കേതിക അറിവുകൾ കൈമാറാൻ വേണ്ടി ഒത്തൊരുമിച്ച് പ്രവർത്തിക്കാനും ഇതിനു വേണ്ടി സംസ്ഥാന-അന്തർ സംസ്ഥാന തലങ്ങളിൽ പ്രത്യേക ചർച്ചകൾ നടത്തി, തീരുമാനങ്ങൾ എടുത്ത് നടപ്പാക്കാൻ പ്രത്യേക സെല്ലുകൾ രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വനസംരക്ഷണവുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യകളും അറിവുകളും സംസ്ഥാനങ്ങൾ പങ്കുവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. വനം, വന്യജീവി പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി ദേശീയ തലത്തിൽ ഒരു യോഗം ചേരുക, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ കൂട്ടായ പ്രവർത്തനങ്ങൾക്കായി ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കുക, അന്തർ

സംസ്ഥാന ബന്ധങ്ങൾ ശക്തിപ്പെടുത്താനായി യോഗങ്ങൾ ചേരുക, വയർലെസ് സർവ്വീസിനായിട്ടുള്ള ലൈസൻസ് ഫീ ഒഴിവാക്കുന്നതിലേയ്ക്കായി കൂട്ടായി പ്രവർത്തിക്കുക, വെബ്സൈറ്റ് ശൃംഖലകളിലൂടെ പരസ്പരബന്ധം ശക്തിപ്പെടുത്തുക, കുറ്റകൃത്യങ്ങളേയും കുറ്റവാളികളേയും സംബന്ധിച്ച വിവരം പരസ്പരം കൈമാറുക, വനാശ്രിത സമൂഹത്തിന്റെ ജീവനോപാധികൾ ഉറപ്പുവരുത്തുന്നതിന് കൂടുതൽ കേന്ദ്ര വിഹിതത്തിനായി പരിശ്രമിക്കുക, ദക്ഷിണേന്ത്യൻ വനം മന്ത്രിമാരുടെ യോഗങ്ങൾ വർഷം തോറും ചേരുക എന്നിവയായിരുന്നു മറ്റ് തീരുമാനങ്ങൾ. ഈ തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള തുടർപ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി വനം - വന്യജീവി കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയാനും കുറച്ചുകൊണ്ടു വരാനും കഴിഞ്ഞിട്ടുണ്ട്. 2006 നവംബറിൽ ചേർന്ന ദക്ഷിണേന്ത്യൻ വനം മന്ത്രിമാരുടെ യോഗ തീരുമാനത്തിന്റെ ഭാഗമായി അയൽ സംസ്ഥാനങ്ങളിലെ വനംവകുപ്പ് ഉദ്യോഗസ്ഥരുമായിട്ടുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്താനും നൂതനസാങ്കേതിക വിദ്യകൾ സംസ്ഥാന വനം വകുപ്പുദ്യോഗസ്ഥർക്ക് സ്വായത്തമാക്കാനും വനസമ്പത്ത് കടത്തിക്കൊണ്ടുപോകുന്ന അന്തർ-സംസ്ഥാന കുറ്റവാളികളെ പിടികൂടാനും കുറ്റകൃത്യങ്ങൾ തടയാനും സാധിച്ചിട്ടുണ്ട്. കേരള-തമിഴ്നാട് അതിർത്തിയിൽ 7 കിലോമീറ്റർ ദൂരത്തിലും കേരള കർണ്ണാടക അതിർത്തിയിൽ 5 കിലോമീറ്റർ ദൂരത്തിലും റീ സർവ്വേ വേണ്ടതായിട്ടുണ്ട്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വനം മന്ത്രിമാരുടെ സമ്മേളനത്തിന്റെ ഭാഗമായി റീ സർവ്വേ നടപടികൾക്ക് വേഗത കൂട്ടാൻ സാധിച്ചിട്ടുണ്ട്; ഈ അതിർത്തികളിൽ നിലവിലുണ്ടായിരുന്ന ചില തർക്കങ്ങൾക്ക് കുറച്ച് പരിഹാരവും ഉണ്ടായിട്ടുണ്ട്.

സുനാമി തിരമാലകളെ തടയുന്നതിന് ഫലപ്രദമായ പങ്കു വഹിക്കുന്ന കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നത് സംബന്ധിച്ച സംസ്ഥാന സർക്കാർ സമർപ്പിച്ച വിശദമായ പ്രോജക്ട് കേന്ദ്ര ഗവണ്മെന്റിന്റെ പരിഗണനയിലാണ്. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ കേരള തമിഴ്നാട് അതിർത്തികളിലായി 17 ആനകൾ ട്രെയിൻ തട്ടി ചരിഞ്ഞിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര റെയിൽവേ മന്ത്രാലയത്തിനെ കത്ത് മുഖേന അറിയിച്ചതിന്റെ ഫലമായി രാത്രികാലങ്ങളിൽ ആ ഭാഗത്തുകൂടി സഞ്ചരിക്കുന്ന തീവണ്ടികളുടെ വേഗത കുറയ്ക്കാനും സൈറൺ മുഴക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ വനം വകുപ്പിലെ 22 ഉദ്യോഗസ്ഥരുടെ ശ്രമഫലമായി അയൽ സംസ്ഥാനങ്ങളിലേയ്ക്ക് ചേക്കേറിയ ചന്ദനമാഫിയകളെ പിടികൂടാൻ സാധിച്ചു. ദക്ഷിണേന്ത്യൻ വനംമന്ത്രിമാരുടെ സമ്മേളനതീരുമാനപ്രകാരം വയനാട്, കണ്ണൂർ,. ഇടുക്കി, കാസർകോട് എന്നീ പ്രദേശങ്ങളെ എലിഫന്റ് കോറിഡോർ പദ്ധതിയിൽപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്രത്തിൽ സമർപ്പിച്ച പ്രോജക്ടിന്മേൽ ചർച്ച നടക്കുകയാണ്. കേരളത്തിലെ അനധികൃത ചന്ദന ഫാക്ടറികൾ നിരോധിച്ചതുപോലെ മറ്റു സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന അനധികൃത ചന്ദനഫാക്ടറികളും നിരോധിക്കണമെന്നുള്ള കേരളത്തിന്റെ ആവശ്യത്തിന്മേൽ ഫലപ്രാപ്തിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. നീലഗിരി-അഗസ്ത്യവനം ജൈവമണ്ഡലം സംരക്ഷിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. വന്യജീവി സെൻസസ്സ് ശാസ്ത്രീയമായി നടത്തുന്നതിനായി മീറ്റിംഗുകൾ നടക്കുന്നുണ്ട്. പറമ്പിക്കുളം വന്യജീവി സംരക്ഷണമേഖലയിൽ താമസിക്കുന്ന ആദിവാസികളെ അവിടെ നിന്ന് ഒഴിപ്പിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല. വന്യജീവികൾ നശിപ്പിക്കുന്ന കൃഷിക്ക് കൊടുക്കുന്ന നഷ്ടപരി

ഹാര തുക അപര്യാപ്തമായതിനാൽ കൂടുതൽ ധനസഹായം നൽകുന്നതിനായി കേന്ദ്രസർക്കാരിന്റെ സഹായം തേടിയി ട്ടുണ്ട്. കൃഷിസ്ഥലത്ത് വന്യജീവികളുടെ ആക്രമണം തടയുന്നതിനായി എൻ.ആർ.ഇ.ജി. ഫണ്ടും വനംവകുപ്പിന്റെ ഫണ്ടും ഉപയോഗിച്ച് പഞ്ചായത്തുകളുടെ സഹായത്തോടെ ശാസ്ത്രീയമായി കിടങ്ങുകൾ കുഴിക്കുന്നതിനും ഫെൻസിംഗിനുമുള്ള നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി സഭാസമ്മേളനം പിരിയുന്നതിനു മുമ്പ് വനമേഖലയിലുള്ള എം.എൽ.എ.-മാരുടെ യോഗം വിളിക്കുന്നതാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം മറയൂരിൽ 180-ഓളം ചന്ദനമോഷ്ടാക്കളെ പിടികൂടിയിട്ടുണ്ട്. വനംവകുപ്പിൽ ജോലി ചെയ്യുന്ന വാച്ചർമാരുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

44 (*393) <u>ഗതാഗത കുരുക്ക് കുറയ്ക്കുവാൻ പദ്ധതി.</u>

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) നൽകിയ മറുപടിയിൽ, നഗരങ്ങളിലെ ഗതാഗത കുരുക്ക് കുറയ്ക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം നഗരത്തിലെ വികസന പദ്ധതിയുടെ പ്രവൃത്തികൾ നടന്നുവരുന്നു. കോഴിക്കോട് നഗരത്തിലെ പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സ്ഥലമെടുപ്പ് ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൊച്ചി നഗരത്തിലെ വികസന പ്രവർത്തനങ്ങൾ JNNURM പദ്ധതിയിൽപ്പെടുത്തി

കൊച്ചി കോർപ്പറേഷൻ നേരിട്ടു നടത്തുന്നതാണ്. കോട്ടയം നഗരത്തിന്റെ കാര്യത്തിൽ പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്തിട്ടില്ല. കോട്ടയം നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തുന്നതാണ്. തിരക്കുള്ള പല റോഡുകളിലും ഇപ്പോൾത്തന്നെ ഗതാഗതം ഒരു വശത്തേയ്ക്ക് മാത്രമായി ക്രമീകരിച്ചിട്ടുണ്ട്. റോഡ് സൗകര്യങ്ങൾക്കനുസൃതമായി മാത്രമേ ഇത് ക്രമീകരിക്കാൻ കഴിയുകയുള്ളു. കെ.എസ്.റ്റി.പി. പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ് വികസനം നടക്കുന്ന സ്ഥലങ്ങളിൽ അവിടങ്ങളിലെ ജംഗ്ഷനുകളുടെ വികസനംകൂടി കണക്കാക്കിയിട്ടുള്ള പ്രവൃത്തികൾ ഇപ്പോൾതന്നെ ഏറ്റെടുത്തിട്ടുണ്ട്. മറ്റ് റോഡുകളിൽ സ്ഥലത്തിന്റെ ലഭ്യതയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് ജംഗ്ഷൻ വികസനം എന്ന പേരിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്. കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാനായി റൈറ്റ്സ്-ന്റെയും കേരള റോഡ് ഫണ്ട് ബോർഡിന്റെയും പഠന റിപ്പോർട്ട് ഗവണ്മെന്റിന്റെ പരിഗണനയിലാണ്. ഇതിൽ 61 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകളുടെയും മേൽപ്പാലങ്ങളുടെയും വിപുലമായ പദ്ധതിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഏകദേശം 800 കോടി രൂപയുടെ ഒരു പദ്ധതിയാണിത്. 50 ശതമാനം സംസ്ഥാന വിഹിതവും 50 ശതമാനം കേന്ദ്ര വിഹിതവും എന്ന നിലയിലാണ് ഈ പദ്ധതി മുന്നോട്ടുപോകുന്നത്. ഈ പദ്ധതി നടപ്പാക്കാത്ത സാഹചര്യത്തിൽ ഗവണ്മെന്റ് മുൻകയ്യെടുത്ത് കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി കേന്ദ്ര ഉപരിതലമന്ത്രാലയത്തിന് പുതിയൊരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. പുതിയതായി കെ.എസ്.റ്റി.പി. നിർമ്മിക്കുന്ന റോഡുകളിൽ

പാർക്കിംഗ് സൗകര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലത്തിന്റെ അപര്യാപ്തതയാണ് പ്രധാനപ്പെട്ട പ്രശ്നം. സ്ഥലത്തെ ജനപ്രതിനിധികൾ കൂടി മുന്നോട്ടു വന്നാൽ ഇക്കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനം നടത്താൻ കഴിയുന്നതാണ്. റോഡുവക്കിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ മാറ്റാനും മറ്റ് ആഭ്യന്തരകാര്യങ്ങൾ നിർവ്വഹിക്കാനുമായി മരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിരുന്ന ഫണ്ട് നിർത്തലാക്കിയത് പുന:സ്ഥാപിക്കാൻ ധനകാര്യവകുപ്പുമന്ത്രിയുമായി ചർച്ച നടത്തിവരികയാണ്. തിരുവനന്തപുരം നഗരത്തിൽ തലസ്ഥാന നഗരവികസന പദ്ധതിയിൽപ്പെടുത്തി പാർക്കിംഗ് സൗകര്യങ്ങൾ ക്രമീകരിക്കാൻ കഴിയുന്നതാണ്. ഇത്തരത്തിലുള്ള സ്കീമുകൾ നടപ്പാക്കുമ്പോൾ ഗതാഗതക്കുരുക്ക് പരിഹരിക്കാനുള്ള ദീർഘ വീക്ഷണം വേണ്ടതാണ്. എന്നാൽ നടപ്പാക്കിത്തുടങ്ങിയ പദ്ധതികളിൽ ഇനി ഭേദഗതി വരുത്തുന്നത് പ്രായോഗികമല്ല. എം.എൽ.എ. ഹോസ്റ്റലിനുമുന്നിലുള്ള ഗതാഗതക്കുരുക്ക് പരിഹരിക്കാനായി വി.ജെ.ടി. ഹാൾ ജംഗ്ഷൻ മുതൽ എം.ജി. റോഡ് ഫോർലൈനാക്കി ക്രമീകരിക്കേണ്ടതുണ്ട്. റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ വനംവകുപ്പുമന്ത്രി ഒരു കത്ത് തന്നിട്ടുണ്ട്. മരം മുറിച്ചുമാറ്റാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല. പൊതുവിൽ വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഒരു കോ-ഓർഡിനേഷൻ ഇക്കാര്യത്തിൽ വന്നാൽ മാത്രമേ യഥാർത്ഥത്തിലുള്ള ഗതാഗതക്കുരുക്ക് പരിഹരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. അത്തരത്തിലുള്ള കോ-ഓർഡിനേഷന് ഗവണ്മെന്റ് മുൻകയ്യെടുക്കുന്നതാണ്. മണ്ണാർക്കാട് വഴിയുള്ള ബൈപ്പാസ് നിർമ്മാണമാണ് കോട്ടയത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള ഒരു നിർദ്ദേശം. പുതുപ്പള്ളിയിൽ നിന്ന് തിരുവഞ്ചൂർ വരെയുള്ള ഒരു റീച്ചിന്റെ കാര്യത്തിലാണ്

നടപടിയുണ്ടായിട്ടുള്ളത്. ഏറ്റുമാനൂർ, പുതുപ്പള്ളി, കോട്ടയം, കടുത്തുരുത്തി എന്നീ നാലു മണ്ഡലങ്ങളുമായി ബന്ധപ്പെട്ട് വരുന്ന ബൈപാസ്സ് റോഡാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ സ്ഥലമെടുപ്പിനാവശ്യമായ ക്രമീകരണങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കോട്ടയം നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള നടപടികൾക്ക് ഗവൺമെന്റ് മുൻകൈ എടുക്കുന്നതാണ്. റോഡ് സേഫ്റ്റി അതോറിറ്റിയുടെ നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ളാനിന് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ട്. കേരളാ റോഡ് ഫണ്ട് ബോർഡ് സംസ്ഥാനത്തെ പ്രധാനപ്പെട്ട ജില്ലാ കേന്ദ്രങ്ങളിൽ ഗതാഗതക്കുരുക്കുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിന് ഉപകരിക്കുന്ന വിധത്തിൽ വിശദമായ പഠനം നടത്തി, പുതിയ നടപടികളിലേയ്ക്ക് വരാൻ കഴിയുന്ന വിധത്തിൽ സാധ്യതാപഠനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

45 (*394) റബ്കോയുടെ വിർജിൻ കോക്കനട്ട് ഓയിൽ ഉൽപ്പാദനവും വിപണനവും

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, പച്ചത്തേങ്ങയിൽ നിന്നും നേരിട്ട് വെളിച്ചെണ്ണ എടുക്കുന്ന 'ഡയറക്ട് മൈക്രോ എക്സ്പെല്ലർ' എന്ന വിദ്യ ഉപയോഗിച്ച് വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയാണ് റബ്കോയുടെ വിർജിൻ കോക്കനട്ട് ഓയിൽ ഉൽപ്പാദന പദ്ധതിയെന്ന് സഭയെ അറിയിച്ചു. വിർജിൻ കോക്കനട്ട് ഓയിലിന്റെ വിപണനത്തിന് കേരളത്തിൽ 14 ഡിസ്ട്രിബ്യൂട്ടർമാരെ ജില്ലാടിസ്ഥാനത്തിൽ റബ്കോ നിയമിച്ചിട്ടുണ്ട്. ഈ വിതരണക്കാർ വിവിധ റീട്ടെയിൽ ഔട്ട്ലെറ്റുകൾ വഴി വിപണനം നടത്തുന്നു. കൂടാതെ കേരളം ഒഴികെയുള്ള ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ

വിതരണം നടത്തുന്നതിന് കർണ്ണാടക സർക്കാർ ഉടമസ്ഥതയിലുള്ള കർണ്ണാടക സോപ്പ്സ് ആന്റ് ഡിറ്റർജന്റ് ലിമിറ്റഡുമായി റബ്കോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന് ഇന്ത്യയിലാകമാനമുള്ള 12 ലക്ഷത്തോളം ഔട്ട്‌ലെറ്റുകൾ വഴി വിൽപ്പന നടത്തുന്നതിന് സൗകര്യമുണ്ട്. ഈ സൗകര്യം ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ 98 വർഷങ്ങളായി മൈസൂർ സാൻഡൽ സോപ്പും അനുബന്ധ ഉൽപന്നങ്ങളും നിർമ്മിച്ച് വിതരണം നടത്തുന്ന ഒരു സ്ഥാനമാണിത്. റബ്കോയുടെ വെളിച്ചെണ്ണ സംസ്ഥാനത്തിനകത്തെ വിതരണത്തിനുവേണ്ടി 14 ഡിസ്ട്രിബ്യൂട്ടർമാരെ ജില്ലാടിസ്ഥനത്തിൽ നിയമിച്ചിട്ടുണ്ട്. യു.എ.ഇ- യിലേയ്ക്ക് ഇതിനകം 20 ലക്ഷം രൂപയുടെ ഓയിൽ കയറ്റുമതി ചെയ്തിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ കയറ്റുമതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന ഗവൺമെന്റ് ഗ്യാരന്റി നൽകിയതിന്റെ അടിസ്ഥാനത്തിൽ റബ്കോയ്ക്ക് 55 കോടി രൂപയുടെ എൻ.സി.ഡി.സി. ധനസഹായം അനുവദിച്ചിട്ടുണ്ട്. റബ്ബർ കയറ്റു മതി ചെയ്യുന്നതിൽ റബ്കോയ്ക്ക് വിൽപ്പനവിലയല്ലാതെ മറ്റ് സാമ്പത്തികസ ഹായമൊന്നും കിട്ടുന്നില്ല. മറ്റ് പ്രത്യേക ധനസഹായത്തിനായി ധനകാര്യവകു പ്പുമന്ത്രിയോട് അഭ്യർത്ഥിക്കാം. റബ്കോ, പ്രൈമറി ക്രെഡിറ്റ് സംഘങ്ങളിൽ നിന്ന് എടുത്തിട്ടുള്ള ലോണുകളും ഡെപ്പോസിറ്റുകളും തിരിച്ച് കൊടു ക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

46 (* 395) <u>സഹകരണബാങ്കുകളുടെ ത്രിതലസംവിധാനം പുന:സംഘടന</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സഹകരണബാങ്കിംഗ് മേഖലയിൽ ബാങ്കുകളുടെ ത്രിതല സംവിധാനം പുന:സംഘടിപ്പിക്കുന്ന കാര്യം പരിഗണനയില്ലെന്നും ഇത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മുമ്പ് നിയോഗിച്ചിരുന്ന അഖിലേന്ത്യാ തലത്തിലുള്ള നിരവധി കമ്മിറ്റികൾ സഹകരണ മേഖലയ്ക്ക് ത്രിതല ഭരണസമ്പ്രദായമാണ് അഭികാമ്യമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇന്ത്യയിലെ ഏതാനും ചില ചെറിയ സംസ്ഥാനങ്ങളൊഴിച്ചാൽ ഭൂരിഭാഗം സംസ്ഥാനങ്ങളിലും ത്രിതല സമ്പ്രദായമില്ല; കേരളം അതിന്റെ മാതൃകയാണെന്നും പറഞ്ഞിട്ടുണ്ട്. വൈദ്യനാഥൻ കമ്മിറ്റിയും ത്രിതല സംവിധാനം അവസാനിപ്പിക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടില്ല. ഇന്ത്യയിലെ സഹകരണപ്രസ്ഥാനം ഇതിന് മാതൃകയായി നിൽക്കുകയാണ്. ബാങ്കിംഗ് മേഖലയുടെ കടുത്ത മാത്സര്യം സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെയും ബാധിച്ചിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും ലയിപ്പിക്കുന്നതോടെ സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായി ആയിരത്തോളം ശാഖകളുള്ള ഒരു ശൃംഖലയും, എസ്. എം. എസ്. ബാങ്കിംഗ്, ഓൾ ഇന്ത്യാ എ. ടി. എം. നെറ്റ്‌വർക്ക്, കോർ ബാങ്കിംഗ്, എ. ടി. എം. പ്രീ പെയ്ഡ് കാർഡ് തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ കഴിയുമെങ്കിലും, പ്രസ്തുത ബാങ്കുകൾ ലയിപ്പിക്കുമ്പോൾ സഹകരണ മേഖലയിലെ ഇന്നുള്ള കെട്ടുറപ്പിനെ ഇത് സാരമായി ബാധിക്കും. അതിന്റെ മൂലധനാടിത്തറയെത്തന്നെ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയുണ്ട്. സഹകരണ തത്വങ്ങളിൽ പ്രതിപാദിച്ചതുപോലെ നല്ല സഹകാരികളെ

വാർത്തെടുക്കുവാൻ ഈ ലയനംമൂലം സാധിക്കുകയില്ല എന്നതും വസ്തുതയാണ്. കേന്ദ്രീകൃത ജനാധിപത്യത്തിനുപകരം വികേന്ദ്രികൃത ജനാധിപത്യമാണ് ഇക്കാലത്ത് നല്ലതെന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പുത്തൻ സഹകാരി സമൂഹത്തെ വളർത്തിയെടുക്കുന്നതിന് സാധിക്കാതെ വരും. ഒരൊറ്റ ബാങ്ക് രൂപീകൃതമാകുന്നതോടെ സംസ്ഥാനത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെയുള്ള ഗുണഭോക്താക്കൾക്ക് താന്താങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഹെഡ് ഓഫീസിനെ ആശ്രയിക്കേണ്ടതായിവരും. മാത്രമല്ല സർക്കാരിന്റെ വിവിധ ജനക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ജില്ലാ തലത്തിൽ നടപ്പാക്കി വരുന്ന ഇന്നത്തെ അവസ്ഥയിൽ നിന്ന് പിന്നോട്ടടിക്കുന്നതിനും അവ ഏറ്റെടുക്കുന്നതിന് സംവിധാനം ഇല്ലാതെയും വരുന്ന അവസ്ഥയുണ്ടാകും. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രസക്തി നഷ്ടപ്പെടുക വഴി ഇന്നുള്ള ശക്തമായ സഹകരണ ശൃംഖല ഈ ലയനം വഴി ഗുരുതരമായ പ്രതിസന്ധികളെ നേരിടേണ്ടതായും വരും. സർവ്വോപരി 'മഹാത്മാഗാന്ധിയുടെ ഗ്രാമസ്വരാജ്' എന്ന സങ്കൽപ്പത്തിലൂടെ നാം നേടിയെടുത്തുകൊണ്ടിരിക്കുന്ന അധികാര വികേന്ദ്രീകരണ പരിപാടികൾ തകിടം മറിയുന്നതിനും ഇത് കാരണമായിത്തീരും സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും ഘടന, പ്രവർത്തനം, ജീവനക്കാരുടെ സേവനവേതനവ്യവസ്ഥകൾ, യോഗ്യത എന്നിവയെപ്പറ്റി ചർച്ചചെയ്യുന്നതാണ്.

(നക്ഷത്രചിഹ്നമിട്ട 396 മുതൽ 420 വരെയുമുള്ള 25 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3255 മുതൽ 3554 വരെയുള്ള ചോദ്യങ്ങളിൽ 102 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)